## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2028

22.3.2012 ൽ മറുപടിയ്ക്ക്

### ലോക്കൽ ഫണ്ട് ഓഡിറ്റ് ജനകീയമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. ആയിഷാ പോറ്റി | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യക്ഷമവും ജനകീയവും ആക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 27.12.2011ലെ 22/2011 നമ്പർ സർക്കുലർ പ്രകാരം ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിൽ 23.3.2010-ലെ 11687/EsttD/2008/ധന നമ്പർ സർക്കുലർ പ്രകാരം കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിർദ്ദേശങ്ങൾ നൽകി നടപ്പാക്കി വരുന്നുണ്ട്. സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകൾ 2009-10 വരെ മേൽ നടപടിയുടെ ഫലമായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് കൂടുതൽ ഫല പ്രദമാക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവിധ തലങ്ങളിൽ പരിശീലന പരിപാടികളും നടത്തി വരുന്നു. |
| (ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മനുഷ്യശേഷി കാര്യക്ഷമമായും ശാസ്ത്രീയമായും ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | വകുപ്പിൽ പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ഓഡിറ്റർമാർക്ക് വകുപ്പിന്റെ തന്നെ ട്രെയിനിംഗ് സെന്ററിൽ നാലു മാസത്തെ പരിശീലനം നൽകുന്നുണ്ട്. സമാന വകുപ്പുകളിൽ നിയമനത്തിന് നിർദ്ദേശിച്ച കംപ്യൂട്ടർ പരിജ്ഞാനം ടി വകുപ്പിലും ബാധകമാണ്. കൂടാതെ സംസ്ഥാന ധനകാര്യ വകുപ്പ്, ഐ.എം.ജി, അക്കൗണ്ടന്റ് ജനറൽ എന്നിവയുടെ |

| | |
|---|---|
| | നേതൃത്വത്തിൽ വകുപ്പിലെ വിവിധ തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്നുണ്ട്. ഇപ്രകാരം വകുപ്പിന്റെ മനുഷ്യശേഷി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

Remadevi

സെക്ഷൻ ഓഫീസർ